## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7416** — **14-07-2014 ൽ മറുപടിയ്ക്ക്**

### നെല്ലിന് താങ്ങുവില

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.വി.വിജയദാസ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നെല്ലിന്റെ ഉല്പാദന ചെലവെങ്കിലും താങ്ങുവിലയായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കുമോ; | (എ) കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചിരിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന താങ്ങുവില നൽകിയാണ് നെല്ല് സംഭരിക്കുന്നത്. നെൽകൃഷിയുടെ ഉല്പാദനചെലവ് വർദ്ധനയോടനുബന്ധിച്ചാണ് സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണവില ഉയർത്തി നൽകുന്നത്. 2011 വർഷം നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 15 രൂപയായിരുന്നത്, 2012 ൽ ഉയർത്തി കിലോയ്ക്ക് 17 രൂപയാക്കുകയും 2013 ൽ കിലോയ്ക്ക് 18 രൂപയാക്കുകയും ചെയ്തു. 2014 ൽ സംഭരണവില വീണ്ടും ഉയർത്തി കിലോയ്ക്ക് 19 രൂപ നിരക്കിലാണ് ഇപ്പോൾ നൽകി വരുന്നത്. കേരളത്തിലെ ഉല്പാദന ചെലവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനോട് ഉയർന്ന താങ്ങുവില ആവശ്യപ്പെടാറുണ്ട്. |
| (ബി) കാലാവസ്ഥാവ്യതിയാനവും സംഭരിച്ച നെല്ലിന് യഥാസമയം വില ലഭിക്കാതെയും ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ? | (ബി) കാലാവസ്ഥ വ്യതിയാനം മൂലം നെൽകൃഷി നശിച്ച കർഷകർക്ക് ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത നെൽകൃഷി നശിക്കുകയാണെങ്കിൽ 45 ദിവസത്തിനു ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് 12,500/- രൂപ നിരക്കിലും 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് 7500/- രൂപ നിരക്കിലും നഷ്ടപരിഹാരം നൽകി വരുന്നു. കേന്ദ്ര സർക്കാരിന്റെ കാലാവസ്ഥാധിഷ്ഠിത |

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെല്ലിന് ഒരു ഹെക്ടറിന് 25000/- രൂപ (റാബി) മുതൽ 35000/- രൂപ (ഖാരിഫ്) വരെ ഇൻഷ്വറൻസ് പരിരക്ഷയും പ്രീമിയം തുകയുടെ 75% കേന്ദ്ര സംസ്ഥാന സർക്കാരും വഹിക്കുന്നു. കൂടാതെ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നെൽകൃഷിയ്ക്ക് ഹെക്ടറിന് 33,250/- രൂപ (ഖാരിഫ്) മുതൽ 35,100/- രൂപ (റാബി) വരെ ഇൻഷ്വറൻസ് പരിരക്ഷയായി നൽകുന്നതിന് പുറമേ പ്രീമിയം തുകയുടെ 10% കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു.

കൂടാതെ പ്രകൃതിക്ഷോഭം മൂലം കൃഷി നാശം ഉണ്ടാകുമ്പോൾ വീണ്ടും വിളയിറക്കുന്നതിന് അടിയന്തര ഘട്ടങ്ങളിൽ നെൽവിത്ത് സൗജന്യമായി സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കുന്നു. 2013-2014 വർഷത്തിൽ പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ച നെൽകർഷകർക്ക് 1185.68 മെട്രിക് ടൺ നെൽവിത്ത് സൗജന്യമായി വിതരണം ചെയ്തു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമുള്ള കർഷകരിൽ നിന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നെല്ല് സംഭരിക്കുകയും സംഭരിക്കുന്ന നെല്ലിന്റെ വില സപ്ലൈകോയിൽ നിന്നും കർഷകർക്ക് അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകി വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ